(c) Pay is disbursed along with the regular staff; travelling allowance is paid as and when drawn.

(d) In both the ways.

(e) The peon who is in camp with the Registrar of Co-operative Societies does not generally attend office but he is to do duty as ordered by the Registrar. He used to receive payment by signing in the acquittance roll and sometimes sending his vouchers duly endorsed and the payments are then made directly to him or to the endorsee.

(f) Yes.

(g) The attendance of the peon who is with the Registrar is not generally marked in the office but marked as on duty with the Registrar of Co-operative Societies as with all executive officers.

MIDWIFERY TRAINING—DEPRESSED CLASS CANDIDATES

68. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽ നിന്നും സദയം മറുപടി തരാമോ.—

(എ) ഫസ്റ്റ്-ൽ മിഡൈഫറി പരിശീലനത്തിന്നായി അധഃകൃതരിൽ നിന്നു എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു;

(സി) പ്രസ്തുത പരിശീലനത്തിന്നായി അധഃകൃത സ്ത്രീകളെ എടുക്കുന്ന വിവരം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതു തിയ്യതിയിലുള്ള ഗസറ്റിലാണെന്നു പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) & (ബി) അധഃകൃത അപേക്ഷകന്മാരിൽ മിഡൈഫറി പരിശീലനത്തിനു വേണ്ടതായ ഏറ്റവും ചുരുങ്ങിയ പരീക്ഷായോഗ്യതയുള്ളവരാരും ഇല്ലാതിരുന്നതിനാൽ ഇക്കൊല്ലം ടി പരിശീലനത്തിന്നാരേയും എടുത്തിട്ടില്ല. എന്നാൽ ഒരു പുലയന്റെ ഭാര്യയായ സരസ്വതി എന്ന സ്ത്രീയെ ടി പരിശീലനത്തിനു എടുത്തിട്ടുമുണ്ട്.

(സി) ഇല്ല.

(ഡി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: ഇവരുടെ കുറഞ്ഞ പരീക്ഷായോഗ്യത എന്താണ്?

ഡോക്ടർ എ. ആർ. മേനോൻ: 8-ാം ഫാറംവരെ പഠിച്ചവരെയാണ് ഇപ്പോൾ വെച്ചിട്ടുള്ളതു. കുറഞ്ഞതു നാലാം ഫാറം വരെയെങ്കിലും വേണമെന്നുണ്ട്. ബാക്കിയുള്ള അളുകൾക്ക് സ്കൂൾ ഫൈനൽ വേണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

വെച്ചിരിക്കുന്നതു്. മിസ്റ്റർ വള്ളോൻതന്നെ ഉത്സാഹിപ്പിച്ചു് ഇതിലേക്കു് ൩, ൪ ആളുകളെ കൊണ്ടുവരുവാനുള്ള ശ്രമം ചെയ്താൽ അവക്കു വേണ്ടപോലുള്ള സഹായങ്ങളും നൽകാം.

മിസ്റ്റർ കെ. പി. വള്ളോൻ: ഇംഗ്ലീഷ് പരിശീലനം സിദ്ധിച്ചിട്ടില്ലാത്ത മിഡ്വൈഫ്മാർ ഇപ്പോഴും ആശുപത്രികളിൽ സർവ്വീസിലുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: വളരെക്കാലത്തിനുമുമ്പു് നിയമിച്ചിട്ടുള്ളവരായിരിക്കും അവർ.

മിസ്റ്റർ കെ. പി. വള്ളോൻ: അവരുടെയിടയിൽ പരീക്ഷായോഗ്യതയുള്ള ആളുകളില്ലെങ്കിൽ ഇപ്പോഴും കമ്പളിഫിക്കേഷൻ ഇല്ലാത്തവക്കു് നൽകീട്ടുള്ളവിധം പരിശീലനം നൽകുന്നതിനു് ഒരു ഏർപ്പാടുണ്ടാക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ: അതിനെക്കുറിച്ചു് മെഡിക്കൽ ഓഫീസറുമായി ആലോചിച്ചു് കഴിയുന്നതു ചെയ്യാം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതിൽ പറയുന്ന സരസ്വതി എന്ന സ്ത്രീക്കു് എന്തു പരീക്ഷായോഗ്യതയുണ്ടെന്നു് അറിഞ്ഞാൽ കൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: സ്കൂൾ ഫൈനൽ തോറ്റിട്ടുള്ളവരാണു്. അവർ സിങ്കപ്പൂരിലും മറ്റുമായിരുന്നതുകൊണ്ടു് അവരുടെ ഇംഗ്ലീഷ് സ്റ്റാൻഡേർഡ് ഉയർന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിഡ്വൈഫറി പരിശീലനത്തിനു് അധികൃത സ്ത്രീകളെ എടുക്കേണ്ടകാര്യം പ്രത്യേകിച്ചു് ഗസറ്റിൽ പരസ്യപ്പെടുത്താറുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: അതു് എല്ലാകൊല്ലവും ഗസറ്റിൽ പരസ്യപ്പെടുത്താറുള്ളതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കൊല്ലവും പബ്ലീഷുചെയ്തിട്ടില്ലേ?

ഡോക്ടർ എ. ആർ. മേനോൻ: ഈ കൊല്ലം മാത്രമല്ല, എല്ലാ കൊല്ലവും പബ്ലിഷു് ചെയ്യാറുണ്ടു്.

APPOINTMENTS—TAMIL NON-BRAHMINS—PARTICULARS REGARDING

69. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറ് ദയവു മറുപടി പറയുമോ.—

(എ) സ്റ്റാഫ് സിലക്ഷൻ ബോർഡു വന്നതിനുശേഷം ആകെ എത്ര തമിഴ് ബ്രാഹ്മണർക്കു് ബോർഡിൽനിന്നും ഉദ്യോഗം കൊടുത്തിട്ടുണ്ടു്;

(ബി) തമിഴ് ബ്രാഹ്മണരിൽനിന്നും പബ്ലിക്കു് സർവ്വീസിൽ എത്രപേരെ നിയമിച്ചിട്ടുണ്ടു്;

(സി) ൧൦൦ രൂപ്പിക്കയിൽ കൂടുതൽ ശമ്പളം വാങ്ങുന്ന തമിഴ് ബ്രാഹ്മണർ എത്രപേർ സർവ്വീസിലുണ്ടു്, അവരുടെ പേരും ഉദ്യോഗപ്പേരും ശമ്പളവും കാണിക്കുന്ന ഒരു ലിസ്റ്റ് ഗവൺമെൻറ് കൌൺസിൽ മേശപ്പുറത്തു് വെക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly